ലക്കം 43

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**


For Private Circulation only

## ഞാനല്ലാതെ അന്യദൈവങ്ങൾ ഉണ്ടാകരുത്.

മനുഷ്യവർഗ്ഗം സൃഷ്ടിക്കപ്പെട്ടത് ജീവനുള്ള ദേഹിയോടു കൂടെയാണ്. സൃഷ്ടിയുടെ പ്രാരംഭം മുതൽ എന്തിനെയെങ്കിലും ആരാധിക്കുവാനുള്ള സഹജമായ ഒരു ആഗ്രഹം അവർക്ക് ഉണ്ടായിരുന്നു. മനുഷ്യരാശിയുടെ ഏറ്റവും ആഴമേറിയ ആത്മീയ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന ഏക വ്യക്തി യഹോവ ആയിരുന്നതിനാൽ അവരുടെ ആരാധനയുടെ ലക്ഷ്യം യഹോവ ആയിരിക്കുകയും വേണ്ടിയിരുന്നപ്പോൾ, ആളുകൾ വ്യാജ ദൈവങ്ങളെ കണ്ടുപിടിച്ച് ദൃശ്യവും അദൃശ്യവുമായ വിഗ്രഹങ്ങൾക്കും തത്വചിന്തകൾക്കും സമർപ്പിക്കപ്പെട്ടു. വിഗ്രഹങ്ങളെയും വ്യാജദൈവങ്ങളെയും അല്ലെങ്കിൽ ദൈവത്തിന്റെ സ്ഥാനം ഏറ്റെടുക്കുന്ന ഏതൊന്നിനെയും ആരാധിക്കുകയോ നമസ്ക്കരിക്കുകയോ ചെയ്യുന്നതാണ് വിഗ്രഹാരാധന. ദൈവം അല്ലാതെ മറ്റെന്തെങ്കിലും ആത്മീകത്തിലോ ഭൗതികത്തിലോ സ്നേഹം, സമയം, ഊർജ്ജം, പണം, ഭക്തി എന്നിവയെ നിയന്ത്രിക്കുന്നത് വിഗ്രഹാരാധനയാണ്.

ആയിരക്കണക്കിന് വർഷങ്ങളിലെ സംസ്ക്കാരം വിവിധ തരത്തിലുള്ള വിഗ്രഹങ്ങളും ദൈവങ്ങളും പല പേരുകളിൽ വിളിക്കപ്പെട്ടിട്ടുണ്ട്. പഴയനിയമത്തിൽ പലയിടത്തും വ്യാജദൈവങ്ങളെയും അന്യജാതിക്കാരുടെ വിഗ്രഹങ്ങളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. മനുഷ്യതലയും മത്സ്യശരീരവുമുള്ള ദാഗോൻ ഫെലിസ്ത്യരുടെ ദൈവം ആയിരുന്നു (1 ശമുവേൽ 5:1–5). യിരെമ്യാവ് 50:2ൽ പറയുന്ന മേരോദാക് അഥവാ ബേൽ ബാബിലോണ്യർക്ക് "സ്വർഗ്ഗത്തിലേയും ഭൂമിയിലേയും ദേവന്മാരുടെ പ്രഭു" ആയിരുന്നു. സൂര്യദേവനായ ബാൽ കനാന്യരുടെ പരമോന്നത ദൈവമായിരുന്നു. 1 രാജാക്കന്മാർ 18–ാം അദ്ധ്യായത്തിൽ ആകാശത്തുനിന്ന് തീ ഇറങ്ങുവാൻ പ്രാർത്ഥിക്കുന്ന ഏലിയാവിന്റെയും ബാലിന്റെ പ്രവാചകന്മാരുടെയും കൂട്ടിമുട്ടൽ വിവരിച്ചിരിക്കുന്നു. 1 രാജാക്കന്മാർ 11:33ൽ ഫലഭൂയിഷ്ഠതയുടെ സീദോന്യദേവിയായ അസ്തോരെത്തിനെയും, മോവാബ്യദേവനായ കെമോശിനെയും, അമ്മോന്യരുടെ ഭാവിപ്രവചന ദേവനായ മിൽക്കോമിനെയും കുറിച്ച് നാം വായിക്കുന്നു. അഗ്നിദേവനായ മോലെക്കിന് കുട്ടികളെ ബലിയർപ്പിച്ചിരുന്നതായും ലേവ്യർ 18:21 എഴുതിയിരിക്കുന്നു. മനുഷ്യന്റെ ഭാവനയിൽ നിന്ന് ഉത്ഭവിച്ച് മനുഷ്യരുടെയും മൃഗങ്ങളുടെയും സ്വഭാവ സവിശേഷതകളിൽ വിവരിക്കപ്പെടുന്ന ഏതാനും നിഗൂഢ ജീവികളുടെ കണ്ടുപിടുത്തങ്ങളാണ് ഇവയെല്ലാം.

തലമുറകളായി യിസ്രായേൽ മക്കൾ ദൈവത്തെ സേവിച്ചിട്ട്, പിന്നീട് അവർ ദേശത്തെ വിഗ്രഹങ്ങളിലേക്ക് മനം തിരിഞ്ഞതിന്റെ ഉദ്ദേശത്തെക്കുറിച്ച് തിരുവെഴുത്തു വിവരിക്കുന്നുണ്ട്. സീനായ് പർവ്വതത്തിൽവച്ച് യിസ്രായേല്ല്യർ മിശ്രയീമ്യരുടെ മാതൃകയിൽ സ്വർണ്ണത്തിൽ വാർത്ത ഒരു കാളക്കുട്ടിയെ ഉണ്ടാക്കി തരുവാൻ അഹരോനോട് ആവശ്യപ്പെട്ടു (പുറപ്പാട് 32:1–4). മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങിവന്നത് "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്; യാതൊന്നിന്റെയും പ്രതിമയും അരുതു; അവയെ നമസ്ക്കരിക്കുകയോ; സേവിക്കുകയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു" എന്ന കല്പനയുമായിട്ടാണ് (പുറപ്പാട് 20:3–5)." ദൈവത്തിന്റെ ഈ കല്പന എല്ലാവർക്കും അടിസ്ഥാനപരവും ആവശ്യകർത്തവ്യമായും ഇരിക്കണം. "അന്യദൈവത്തെ നമസ്ക്കരിക്കരുത്." (പുറപ്പാട് 34:14). പുതിയ നിയമത്തിൽ യേശു ഈ കല്പന ആവർത്തിച്ചു. 'നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" (ലൂക്കോസ് 4:8)



**"ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്... നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു".**


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം : വിഗ്രഹാരാധന | അനുബന്ധ ലേഖനം : ലോകത്തിലെ വിഗ്രഹാരാധന | ചിഹ്നങ്ങൾ, രൂപങ്ങൾ, ദേവന്മാരും ആചാരങ്ങളും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് അവിടുത്തേക്ക് മഹത്വം ഉണ്ടാകട്ടെ |
| 3 | 4 | 5-6 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23, 1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17, റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14, 1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28, വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27, യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5, യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18, റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29, 2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

സ്വർഗ്ഗസ്ഥനായ ദൈവത്തിനു നല്കുന്ന ഭക്തിയൊഴികെ ഏതുതരം ആരാധനയും വിഗ്രഹാരധനയും പാപവും ആകുന്നു. ലേവ്യപുസ്തകം 26:1ൽ വിഗ്രഹങ്ങളും ബിംബങ്ങളും ഉണ്ടാക്കുന്നതും അവയുടെ മുമ്പിൽ വണങ്ങുന്നതും കുമ്പിടുന്നതും വിലക്കുന്നു. ആവർത്തനം 4:15–19ൽ യാതൊന്നിന്റെയും പ്രതിമയായ വിഗ്രഹം ഉണ്ടാക്കി വിഷളത്തം പ്രവർത്തിക്കരുത് എന്ന മുന്നറിയിപ്പ് നല്കിയിരിക്കുന്നു. മൃഗങ്ങളുടെയോ മനുഷ്യരുടെയോ വിഗ്രഹങ്ങൾ ഉണ്ടാക്കരുതെന്നും, സൂര്യനെയോ, ചന്ദ്രനെയോ നക്ഷത്രങ്ങളെയോ ആരാധിക്കരുതെന്നും അവർക്കു നിർദ്ദേശം നല്കിയിരുന്നു.

സത്യദൈവം ഒന്നേയുള്ളു. എല്ലാ ബഹുമാനവും സ്തുതിയും, മഹത്വവും ഭക്തിയും അവനുമാത്രം ഉള്ളതാണ്. സ്നേഹിക്കുവാനുള്ള ഏറ്റവും വലിയ കല്പനയ്ക്ക് ആമുഖമായി യേശു ഈ അടിസ്ഥാന സത്യം നല്കി. "യിസ്രായേലേ കേൾക്ക നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ് (മർക്കോസ് 12:29)" ഞാനല്ലാതെ ഒരു ദൈവം ഇല്ല. (യെശയ്യാവ് 44:6) അവന്റെ നാമത്തിനു മാത്രമായുള്ള ആരാധന കവർന്നെടുക്കുന്ന എല്ലാ ദൈവങ്ങളെയും, വിഗ്രഹാരാധനയും പുറത്താക്കണം.



"നിങ്ങളുടെ ഹൃദയത്തിലോ ജീവിതത്തിലോ അന്യദൈവങ്ങൾ ഉണ്ടാകരുത്".

അരയോപഗക്കുന്നിലെ വിഗ്രഹങ്ങളുടെയും ദേവപ്രതിമകളുടെയും നടുവിൽ നിന്നുകൊണ്ട് അപ്പോസ്തലനായ പൗലൊസ് ആകാശവും ഭൂമിയും സൃഷ്ടിച്ച സത്യദൈവത്തെക്കുറിച്ച് മനോഹരമായൊരു സന്ദേശം നല്കുന്നു. (അപ്പൊ. പ്രവർത്തികൾ 17:22–31). ദൈവം കൈപ്പണിയായ ക്ഷേത്രങ്ങളിൽ വസിക്കുന്നില്ല; മനുഷ്യരുടെ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. ദൈവമാണ് ജീവനും ശ്വാസവും നല്കുന്നത്. അവൻ ഒരുദിവസം ലോകത്തെ ന്യായം വിധിക്കും. ഈ ദൈവം സ്വർണ്ണം, വെള്ളി, കല്ല് എന്നിവകൊണ്ട് നിർമ്മിക്കപ്പെട്ടതോ, ഒരു കലാസൃഷ്ടിയോ മനുഷ്യന്റെ നിർമ്മിതിയോ അല്ല. ഈ ദൈവം പ്രപഞ്ചത്തിന്റെ സൃഷ്ടാവാണ്. അവന് ഒരു പുത്രൻ ഉണ്ട്, യേശു. അവൻ ക്രൂശിക്കപ്പെട്ടു. മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു. ആത്മാവിന് സമാധാനവും സംതൃപ്തിയും നല്കി ആത്മാവിന്റെ ആന്തരിക ആഗ്രഹം തൃപ്തിപ്പെടുത്തുന്നത് ഈ ദൈവം മാത്രമാണ്. തീർച്ചയായും ദൈവം നമ്മുടെ സ്തുതിക്ക് യോഗ്യനാണ്. കാരണം എല്ലാം അവന്റെ പ്രീതിക്കായി സൃഷ്ടിക്കപ്പെട്ടതാണ് (വെളിപ്പാട് 4:10–11)

എല്ലാ ആരാധന വിഗ്രഹങ്ങളും, ഭക്തിയുടെ വിഗ്രഹങ്ങളും ആരാധനാവസ്തുക്കളും നമ്മുടെ ജീവിതത്തിൽ നിന്ന് പൂർണ്ണമായി തുടച്ചു നീക്കപ്പെടണം. "ദൈവം തീഷ്ണതയുള്ള ദൈവമാണ്" (പുറപ്പാട് 34:14). വിഗ്രഹങ്ങളെ ആരാധിക്കുന്നതും ദൈവത്തോടുള്ള ഭക്തിയും ഇടകലർത്തുന്നത് ദൈവം അംഗീകരിക്കുകയില്ല. ഇന്നും ആളുകൾ പ്രാർത്ഥിക്കുന്ന നിരവധി വിഗ്രഹങ്ങളും ഉണ്ട്. പുരാതന കാലത്തെ പേരുകളിൽ നിന്ന് വ്യത്യസ്തമായ പേരുകളിൽ അവയെ വിളിക്കാം. പക്ഷേ അവ ഇപ്പോഴും വ്യാജദൈവങ്ങളും വിഗ്രഹങ്ങളുമാണ്. പല രാജ്യങ്ങളും ഗോത്രങ്ങളും ദേശങ്ങളും വിഗ്രഹാരാധനയിൽ മുഴുകിയിരിക്കുന്നു. ഏതു വിഗ്രഹരാധനയും പാപം ആകുന്നു.

നിങ്ങളുടെ ഹൃദയത്തിലോ ജീവിതത്തിലോ അന്യദൈവങ്ങൾ ഉണ്ടാകരുത്. ചില ആളുകൾ വിഗ്രഹങ്ങളെ നിഷേധിച്ചേക്കാം. എന്നിരുന്നാലും ക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്ന ധാരാളം ആളുകൾ പഴയജാതീയ ആരാധനയിലും വിഗ്രഹസേവയിലും അകപ്പെട്ടുപോയിട്ടുണ്ട്. നമ്മുടെ ജീവിതത്തിലും ആരാധനയിലും ജീവനുള്ള ഏകസത്യദൈവത്തിന് പ്രസാദകരമായിത്തീരേണ്ടതിന് നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കാം. ■


ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ– മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*ഞാൻ യഹോവ അതുതന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല. (യെശയ്യാവ് 42:8)*

ദൈവം മഹത്വം ഉള്ളവനും അവന്റെ പ്രവർത്തികൾ അത്ഭുതകരവും ആകുന്നു. ദൈവത്തിന്റെ മഹത്വത്തേയും ശക്തിയേയും തുലനം ചെയ്യുവാൻ സ്വർഗ്ഗത്തിലോ ഭൂമിയിലോ ഒരു അസ്തിത്വവും ഇല്ല. അവന്റെ ബഹുമാനവും മഹത്വവും അവൻ ഒരു സൃഷ്ടിക്കോ വിഗ്രഹത്തിനോ കൊടുക്കുകയില്ല. ദൈവത്തിനു മാത്രമേ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ കഴിയുകയുള്ളു. മാത്രവുമല്ല, നിത്യജീവൻ ദാനം ചെയ്യുവാനും ദൈവത്തിനു മാത്രമേ കഴിയൂ.

ഈ ലക്കത്തിലെ വിഷയം വിഗ്രഹാരാധനയെക്കുറിച്ചാണ്. ലോകത്തിലെ അനേക രാജ്യങ്ങളിലെയും മതങ്ങളിലെയും ജനങ്ങൾ പലരും വിഗ്രഹങ്ങളെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരാണ്. അതിലും കൂടുതൽ ആളുകൾ പാറയിൽ നിന്ന് വെട്ടിയെടുത്തതും വെള്ളിപ്പണിക്കാരൻ ഉണ്ടാക്കുന്നതുമായവയെ വണങ്ങുന്ന വിഗ്രഹാരാധികൾ ആണ്. ഈ ലോകത്തിലെ ഭൗതിക കാര്യങ്ങൾക്കായി ആളുകൾ സ്വയം സമർപ്പിക്കപ്പെടുന്നു. മിക്ക ആളുകളും അത് അംഗീകരിക്കുന്നില്ല. എങ്കിലും അത് വിഗ്രഹാരാധനയാണ്.

വിജാതിയരും വ്യാജ ആരാധകരും അവരുടെ വ്യാജദൈവങ്ങളെ ഉപേക്ഷിച്ച് സത്യദൈവത്തെ പിൻപറ്റേണ്ടതാണ്. അവരുടെ വീടുകളിൽ നിന്ന് വിഗ്രഹാരാധനയുടെ ചിഹ്നങ്ങളും രൂപങ്ങളും നീക്കം ചെയ്യണം. അവരുടെ ഹൃദയത്തിൽ ദൈവവചനത്തിന് പ്രാമുഖ്യം നല്കണം. അനേകം ക്രിസ്ത്യാനികളും ഇതു സമ്മതിക്കും. എന്നാൽ മറ്റ് ദൈവങ്ങളുടെ കാര്യങ്ങളോ? ഭൗതികതയുടെ ദൈവം? ദേശീയതയുടെ ദൈവം? സ്വയത്തിന്റെ ദൈവം? സഭാവിഭാഗമാകുന്ന വിഗ്രഹം? പാസ്റ്റർമാർ, പ്രവാചകന്മാർ എന്നിവരുടെ സ്ഥാനപ്പേരുകളിലെ വിഗ്രഹം? ക്രിസ്ത്യാനികളായ നമുക്ക് ഇവയെല്ലാം വിഗ്രഹാരാധനയുടെ ആചാരങ്ങളായി തിരിച്ചറിയുവാൻ കഴിയുമോ?

നമ്മുടെ സമയം നാം എങ്ങനെ ചെലവഴിക്കുന്നു? സാമൂഹ്യമാധ്യമങ്ങളോ, കായികവിനോദങ്ങളോ നമുക്ക് വിഗ്രഹങ്ങളായി മാറുവാൻ സാദ്ധ്യതയുണ്ടോ? നമ്മുടെ സമയം അതിനായി കൂടുതൽ വിനിയോഗിച്ചാൽ അത് വിഗ്രഹസേവയായി മാറുകയില്ലയോ? ലോകകാര്യങ്ങൾക്കായി ധാരാളം പണവും സമയവും ചെലവിടുന്നവർ കർത്താവിന്റെ വേലയ്ക്കായി ചെലവിടുവാൻ മടി കാണിക്കുന്നത് ആശ്ചര്യകരമായ ഒരു കാര്യമാണ്. ഇത് നമ്മുടെ ആത്മാവിൽ നമ്മെ ഉത്തേജിപ്പിക്കേണ്ടതല്ലയോ?

ദൈവത്തിനുമാത്രം അവകാശപ്പെട്ട മഹത്വവും സ്ഥാനവും കവർന്നെടുക്കുന്ന വിധത്തിൽ തന്റെ ഭക്തിയുടെ കാര്യങ്ങൾ ജീവിതത്തിൽ ഉണ്ടായേക്കാം എന്നു സമ്മതിക്കുവാൻ വളരെയധികം സത്യസന്ധതയും ആത്മപരിശോധനയും ഒരാൾക്കു തന്റെ ജീവിതത്തിൽ ആവശ്യമാണ്. നാം പലപ്പോഴും സ്വാർത്ഥവും ജഢികവുമായ ഒരു കോണിൽ നിന്നുകൊണ്ടാണ് കാര്യങ്ങളെ വീക്ഷിക്കുന്നത്. നമ്മുടെ ജീവിതത്തിൽ നിന്നും ആചാരങ്ങളിൽ നിന്നും ഒരുപടി പിന്നോട്ടു മാറി, "ദൈവം അതിനെ എങ്ങനെ കാണുന്നു"? എന്നു ചോദിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. നാം വിഗ്രഹാരാധകരുടെ ആചാരങ്ങളിൽ ഏർപ്പെടുകയോ വിഗ്രഹാരാധകരായ ജനങ്ങളോടൊപ്പം അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയോ ചെയ്തിട്ട് "എന്റെ ഹൃദയം ശുദ്ധമാണ്" എന്ന് പറയുകയും ചെയ്താൽ നാം നമ്മുടെ സൃഷ്ടാവിന് എന്തു സന്ദേശമാണ് നല്കുന്നത്?

ദൈവവുമായുള്ള ബന്ധംപോലെ വിവാഹവും ഒരു പ്രത്യേകബന്ധം ആയിരിക്കണം. പഴയ കാമുകിയുടെ ചിത്രം തന്റെ മേശപ്പുറത്തു വയ്ക്കുകയും എല്ലാവർഷവും അവളുടെ ജന്മദിനം ആഘോഷിക്കുകയും ചെയ്താൽ ഞാൻ എന്റെ ഭാര്യയ്ക്ക് എന്തു സന്ദേശമാണ് നല്കുന്നത്? എന്റെ ഹൃദയത്തിൽ അങ്ങനെ ഒരു ബന്ധമില്ലെന്ന് ഞാൻ എന്റെ ഭാര്യയോടു പറഞ്ഞാൽ അത് എന്തെങ്കിലും വ്യത്യാസം ഉണ്ടാക്കുമോ? ദൈവവുമായി എന്തെങ്കിലും വ്യത്യാസം ഉണ്ടോ? ദൈവമേ എല്ലാ വിഗ്രഹാരാധനയിൽ നിന്നും ഞങ്ങളെ വിടുവിച്ച് ഞങ്ങളുടെ ഹൃദയംകൊണ്ട് നിന്നെ പൂർണ്ണമായി സ്നേഹിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്.**

ഇന്റർനെറ്റിൽ

**www.thegospeltruth.org**

കൂടുതൽ

വായിക്കാം.

## ദൈവം ഒന്നാമതോ? ആധുനിക കാലത്തെ വിഗ്രഹങ്ങളെ തിരിച്ചറിയുക.

| | | |
|---|---|---|
| എന്റെ സ്നേഹം എവിടെയാണ്? | പണം/ഭൗതികവസ്തുക്കൾ | ദൈവവിരുദ്ധ ബന്ധങ്ങൾ |
| ഞാൻ നിർവൃതി തേടേണ്ടത് എവിടെ? | ജോലി/പദവി | ഫോൺ/സാങ്കേതികത്വം |
| എന്റെ മനസ്സിനെ കീഴടക്കേണ്ടത് എന്ത്? | സ്വാധീനം/പ്രശസ്തി | മതത്തിന്റെ ഉപദേശങ്ങൾ |
| എന്റെ സമയം എവിടെയാണ് ചെലവിടേണ്ടത്? | ശരീരം പുഷ്ടിപ്പെടുത്തൽ | വിദ്യാഭ്യാസം |
| എവിടെയാണ് എന്റെ പണം ചെലവിടേണ്ടത്? | കായികം/വിനോദം | ദേശീയത |



# ബൈബിൾ പഠന സഹായി

## വിഷയം : വിഗ്രഹാരാധന

**വായനാഭാഗം :** നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ. ലൂക്കോസ് 4:8

**നിർവ്വചനം :** വ്യാജദൈവങ്ങളേയോ വിഗ്രഹങ്ങളേയോ ദൈവമല്ലാത്ത ഏതൊന്നിനെയും ആരാധിക്കുന്നത്. എന്തിനോടുമുള്ള അമിത മായ അടുപ്പം, ഭയഭക്തി ബഹുമാനം, സ്നേഹമുയർത്തൽ (മറിയം വെബ്സ്റ്റർ നിഘണ്ടു)

**സംഗ്രഹം :** ദൈവത്തെ അല്ലാതെ എന്തിനെ ആരാധിച്ചാലും ഉയർത്തിയാലും അത് വിഗ്രഹാരാധനയാണ്. വിഗ്രഹങ്ങളോ കണ്ടെടുത്ത ദൈവങ്ങളോ, മനുഷ്യമതങ്ങളോ സ്നേഹം, സമയം, ഊർജ്ജം, പണം എന്നിവയെ നിയന്ത്രിക്കുന്നതായി ലോകത്തിലുള്ളതു എന്തും വിഗ്രഹാരാധനയാണ്.

### I. ദൈവം ഏകൻ

A. മർക്കോസ് 12:28-29 നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്
B. യെശയ്യാവ് 44:6 ഞാനല്ലാതെ ഒരു ദൈവവും ഇല്ല
C. 1 തിമൊഥെയൊസ് 2:5 ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ
D. വെളിപ്പാട് 4:10, 11 കർത്താവ് ആരാധനയ്ക്ക് യോഗ്യൻ

### II വിഗ്രഹാരാധന കുറ്റം ചുമത്തപ്പെട്ടതാണ്.

A. പുറപ്പാട് 20:3-5 അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്. ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു.
B. ആവർത്തനം 4:15-19 വിഗ്രഹങ്ങളേയും, സൂര്യനേയും ചന്ദ്രനേയും, നക്ഷത്രങ്ങളേയും ആരാധിക്കരുത്.
C. ലേവ്യർ 26:1 വിഗ്രഹം ഉണ്ടാക്കരുത്
D. ആവർ 7:3-4 വിഗ്രഹാരാധികളുമായി വിവാഹം ചെയ്യരുത്.

### III. ദൈവത്തെ മാത്രം ആരാധിക്കുക.

A. ലൂക്കോസ് 4: 7-8 കർത്താവിനെ മാത്രമേ ആരാധിക്കാവൂ.
B. മത്തായി 6:24 ഒരു മനുഷ്യന് രണ്ട് യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല.

### IV. സത്യദൈവവും വിഗ്രഹങ്ങളും

A. അപ്പൊ. പ്രവ. 7:22-31 ദൈവം സൃഷ്ടാവാണ്, സൃഷ്ടി അല്ല.
B. ആവർത്തനം 4:28 മനുഷ്യരുടെ കൈകളുടെ പ്രവർത്തി

### V. പഴയനിയമ വിഗ്രഹാരാധന

A. **സ്വർണ്ണകാളക്കുട്ടി** : യഹോവയുടെ പ്രതിനിധാനവും/അല്ലെ ങ്കിൽ മിസ്രയീമിലെ ആരാധനാമൂർത്തി (പുറപ്പാട് 32:1-4)
B. **നെബുഖദ്നേസ്സറിന്റെ സ്വർണ്ണപ്രതിമ** (ദാനിയേൽ 5:1)
C. **ദാഗോൻ** : ഫെലിസ്ത്യരുടെ ദൈവം മനുഷ്യതലയും മത്സ്യശരീരവും (1 ശമുവേൽ 5:1-5)
D. **മെരോദാക്** : (മർദുക്, ബൈൽ) സ്വർഗ്ഗത്തിന്റെയും ഭൂമിയു ടെയും, ബാബിലോണ്യ പ്രഭു (യിരെമ്യാവ് 50: 2)
E. **ബാൽ** : കനാന്യരുടെ പരമോന്നത ദൈവം. സൂര്യദേവൻ, കൊടുങ്കാറ്റ് ദേവൻ ഫലഭൂയിഷ്ടിയുടെ ദേവൻ (1 രാജാക്കന്മാർ 18:21-40)
F. **അസ്തോരെത്ത്** : സീദോന്യരുടെ മാതൃത്വത്തിന്റെയും ആവശ്യകതയുടെയും ദേവത.
F. **കെമോഷ്** : ബാബിലോണ്യരുടെ ദേശീയ ദൈവം: നരബലി
H. **മിൽക്കോ** : അമ്മോന്യരുടെ ഭാവിപ്രവചന ദേവൻ (1 രാജാക്കന്മാർ 11:33)
I. **മോലെക്** : അഗ്നിദേവൻ, ശിശുബലി (ലേവ്യർ 18:21)

### VI ഈ ലോകത്തിന്റെ ദൈവം

A. 2 കൊരി.4:4 ഈ ലോകത്തിന്റെ ദൈവം മനസ്സ് കുരുടാക്കുന്നു.
B. എഫേസ്യർ 2:2 ആകാശത്തിലെ അധികാരശക്തി
C. എഫേസ്യർ 6:10 അന്ധകാരത്തിന്റെ ലോകാധിപതി

### VII. വ്യാജമതത്തിന്റെയും പാരമ്പര്യത്തിന്റെയും ആരാധന

A. വെളിപ്പാട് 14:8-10 മൃഗവും അതിന്റെ പ്രതിമയും
B. മർക്കൊസ് 7:6-9 മനുഷ്യരുടെ പാരമ്പര്യത്തെ ഉയർത്തുന്നു.

### VIII. മനുഷ്യരെ ആരാധിക്കുക

A. അപ്പൊ. പ്രവ. 12: 21-23 ഹെരോദാവ് ഒരു ദൈവമായി ആരാധിക്കപ്പെടുന്നു.
B. 2 തെസ്സലോനിക്യർ 2:3-4 അധർമ്മ മൂർത്തി
C. അപ്പൊ. പ്രവർത്തികൾ 14:12 പൗലൊസും ബർന്നബാസും ഇന്ദ്രൻ, ബുധൻ എന്നുള്ള ബഹുമാനം നിരസിക്കുന്നു.
D. വെളിപ്പാട് 19:10 ദൂതനെ ആരാധിക്കുന്നത്.
E. യോഹന്നാൻ 7:16-18 ക്രിസ്തുവിനു വിരോധമായി സ്വന്തമഹത്വം അന്വേഷിക്കുക.
F. കൊരിന്ത്യർ 4:5 സ്വയപ്രശംസ

### IX. പുതിയ നിയമ വിഗ്രഹാരാധന

A. കൊലൊസ്സ്യർ 3:5 അത്യാഗ്രഹം വിഗ്രാരാധനയാണ്
B. ഫിലിപ്പിയർ 3:19 അവരുടെ ദൈവം വയർ
C. റോമർ 16:18 യേശുവിനെക്കാൾ ഉപരിയായി മുഖസ്തുതി

### X. ഈ ലോകത്തിലെ വസ്തുവകകളെ ആരാധിക്കുക

A. 1 യോഹ. 2:15-16 ലോകത്തിലുള്ളതിനെ സ്നേഹിക്കരുത്
B. റോമർ 1: 23-27 സൃഷ്ടിയെ ആരാധിക്കുക അവലക്ഷണം കെട്ടത് പ്രവർത്തിക്കുക
C. 1 തിമൊഥെയൊസ് 6:10-11 പണത്തെ സ്നേഹിക്കുക
D. 2 തിമൊഥെയൊസ് 2:3-4 ജീവനകാര്യങ്ങൾ ഏർപ്പെടുക

### XI. വിഗ്രഹാരാധനയ്ക്ക് എതിരായ ന്യായവിധി

A. ഗലാത്യർ 5: 19-21 വിഗ്രഹാരാധികൾ ദൈവരാജ്യം അവകാശമാക്കുകയില്ല.

**ഉപസംഹാരം:**

രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല.
അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ച് മറ്റവനെ സ്നേഹിക്കും.
അല്ലെങ്കിൽ ഒരുവനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും.
നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല.

- മത്തായി 6:24.

# ലോകത്തിലെ വിഗ്രഹാരാധന

**വ്യാജദൈവങ്ങളും വിഗ്രഹാരാധനയും മനസ്സിലാക്കുന്നതിനായി പുരാതന സംസ്ക്കാരങ്ങളിലേക്ക് നോക്കേണ്ടതില്ല. ആധുനിക സമൂഹത്തിൽ നമുക്കു ചുറ്റുപാടും അനേകം വിഗ്രഹങ്ങൾ ഉണ്ട്. ഒരു പ്രതിമയെ ആരാധിക്കുന്നതിനെക്കാൾ എത്രയോ വലുതാണ് ഒരാൾ ദൈവത്തെക്കാൾ കൂടുതലായി എന്തിനോടെങ്കിലും കാണിക്കുന്ന സ്നേഹവും ഭക്തിയും. "മനുഷ്യഹൃദയം നിരന്തരമായ ഒരു വിഗ്രഹഫാക്ടറിയാണ്" എന്ന് ജോൺ കാൽവിൻ എഴുതിയത് എത്രയോ ശരിയാണ്.**



**“ദൈവത്തെക്കാളോ ദൈവവചനത്തെക്കാളോ അധികമായി സംതൃപ്തിക്കായി ആശ്രയിക്കുന്നത് എന്തും വിഗ്രഹാരാധനയായി മാറുന്നു”**

## നമ്മുടെ കാലത്തെ വിഗ്രഹാരാധന

ദൈവീക നിയമങ്ങൾക്കു വിരോധമായി കല്ലു കൊണ്ടും ലോഹംകൊണ്ടും ഉണ്ടാക്കിയ പ്രതിമകൾക്കു മുമ്പിൽ കുമ്പിടുന്ന ആളുകളുള്ള അനേകം മതങ്ങൾ ഇന്നും ഉണ്ട്. എന്നിരുന്നാലും സമൂഹത്തിലെ ഭൂരിഭാഗം ആളുകളും ഇത്തരം വിഗ്രങ്ങളെ തിരസ്ക്കരിക്കുന്നുണ്ടെങ്കിലും ഹൃദയത്തിലും മനസ്സിലും വലുതും ശക്തവുമായ വിഗ്രഹങ്ങൾ സ്ഥാപിച്ചുകൊണ്ട് അവയിൽ പണവും സമയവും സ്നേഹവും ധാരാളമായി ചെലവഴിക്കുന്നു. ദൈവത്തെ മറികടന്ന് ഏതൊന്നിൽ കേന്ദ്രീകരിക്കുകയോ മുൻഗണന നല്കുകയോ ചെയ്താൽ അത് വിഗ്രഹാരാധനയാണ്. വിഗ്രഹാരാധനയുടെ കാതൽ കാണുന്നത് ഒരു വ്യക്തിയുടെ സ്നേഹം, വിശ്വാസം, ആരാധന എന്നീ കാര്യങ്ങൾ കാണപ്പെടുന്ന ഹൃദയത്തിലാണ്.

## ആത്മീയ പോരാട്ടം

ദൈവാരാധനയിൽ നിന്നും നമ്മുടെ ഹൃദയത്തെ കവർന്നെടുക്കുവാൻ ശ്രമിക്കുന്ന സാത്താനോടും അവന്റെ വഞ്ചനയുടെ ആത്മാക്കളോടും എതിർത്തുനില്ക്കുന്ന ഒരു ആത്മീയ യുദ്ധത്തിലാണ് നാം ആയിരിക്കുന്നത്. നമുക്ക് പോരാട്ടമുള്ളത് ജഢരക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ”. (എഫേസ്യർ 6:12). തിന്മയുടെ ശക്തികൾ സ്വയം ഉല്ലാസം, കായികം, മതം, രാഷ്ട്രീയം, ദേശീയത, ശാസ്ത്രം, വിദ്യാഭ്യാസം, ഭൗതീകത മുതലായ ബലിപീഠങ്ങൾ ഉണ്ടാക്കി ആരാധിക്കുവാൻ ജനങ്ങളെ സ്വാധീനിക്കുന്നു. “ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി” (2 കൊരിന്ത്യർ 4:4)

## മതങ്ങളിലെ വിഗ്രഹാരാധന

കത്തോലിക്കാ സഭയിലും പ്രൊട്ടസ്റ്റന്റ് സഭയിലും വിജാതീയരെപ്പോലെ വിഗ്രഹാരാധന കാണുന്നുണ്ട്. സത്യവചനവുമായി യാതൊരു അടിസ്ഥാനബന്ധവും ഇല്ലാത്ത ജാതീയ ആചാരങ്ങളും പാരമ്പര്യവും കൊണ്ട് നിറഞ്ഞിരിക്കുകയാണ് കത്തോലിക്കാസഭ. ഏതെങ്കിലും ഒരു മതസ്ഥാപനത്തെ ഉയർത്തുന്നത് വിഗ്രഹാരാധനയാണ്. ആരെങ്കിലും മൃഗത്തെയും (കത്തോലിക്കാസഭ) അതിന്റെ പ്രതിമയേയും (പ്രൊട്ടസ്റ്റന്റ് സഭ) നമസ്ക്കരിച്ച് നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധ മദ്യം കുടിക്കേണ്ടിവരും. (വെളിപ്പാട് 14:10) ജനങ്ങൾ പലപ്പോഴും ക്രിസ്തുവിന്റെ പ്രവർത്തനത്തെക്കാൾ സ്വന്തം കൂട്ടായ്മകളും മതസംഘടനാ കൂട്ടായ്മകളും നടത്തുവാൻ താല്പര്യം കാട്ടുന്നു. ഇതും വിഗ്രഹാരാധനയാണ്. മർക്കോസ് 7:6-9 വരെ യേശു, ജനത്തോട് “ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എങ്കൽ നിന്നും ദൂരത്ത് അകന്നിരിക്കുന്നു. മനുഷ്യകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു” എന്ന് പറയുന്നു. ദൈവവചനത്തോടുള്ള ആർജ്ജവം വിട്ട് അവരുടെ പാരമ്പര്യത്തെ ഉയർത്തുന്നത് വിഗ്രഹാരാധനയാണ്. ദൈവത്തെ സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുന്നവർ ദൈവവചനത്തിന്റെ ലാളിത്യത്തെക്കാൾ പാരമ്പര്യങ്ങളെയോ ഉപദേശങ്ങളെയോ ഉയർത്തിപ്പിടിച്ചാൽ ദൈവസഭയിലെ വിശുദ്ധന്മാർ ആണെങ്കിൽപ്പോലും അത് വിഗ്രഹാരാധനയാണ്. പാരമ്പര്യത്തോടോ ഒരു സിദ്ധാന്തത്തോടോ (അത് എത്ര ശരിയാണെങ്കിലും) ഒരാളുടെ ജീവിതത്തിൽ അതിന് അമിതസ്ഥാനം നല്കുമ്പോൾ അത് വിഗ്രഹാരാധനയാണ്.


## മനുഷ്യനെ ആരാധിക്കുക

ദൈവത്തിന് മാത്രമുള്ള നിയന്ത്രണവും ഭക്തിയും മത-രാഷ്ട്രീയ നേതാക്കൾക്കു കൊടുക്കുന്നതും അവരെ ഉയർത്തിപ്പിടിക്കുന്നതും വിഗ്രഹാരാധനയുടെ മറ്റൊരു രൂപമാണ്. അപ്പൊ. പ്രവർത്തികൾ 12:21-23ൽ ഹെരോദാവ് ജനത്തിന് മുമ്പിൽ ഒരു വലിയ പ്രസംഗം നടത്തി. “ഇതു മനുഷ്യന്റെ ശബ്ദമല്ല ദേവന്റെ ശബ്ദം ആകുന്നു എന്ന് ജനം ആർത്തു”. അവൻ ദൈവത്തിന് മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു. 2 തെസ്സലോനിക്യർ 2:3,4 വാക്യങ്ങൾ വഞ്ചിക്കപ്പെടരുത് എന്ന മുന്നറിയിപ്പ് നല്കുന്നു. പാപിയായ ഒരു മനുഷ്യൻ ദൈവത്തിനു മുകളിൽ തന്നെത്തന്നെ ഉയർത്തുകയും ദൈവമായി ആരാധിക്കപ്പെടുകയും ചെയ്യും. ഭൂമിയിൽ ക്രിസ്തുവിന്റെ പകരക്കാരൻ എന്ന് അവകാശപ്പെടുന്ന കത്തോലിക്കാ പോപ്പുമായി ഈ തിരുവെഴുത്തു പലപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. ഇത് ദൈവ ഭൂഷണവും വിഗ്രഹാരാധനാപരവും ആണ്. എന്നിരുന്നാലും ധാരാളം “ചെറിയ പോപ്പുമാർ” മേൽവിചാരകന്മാർ, പാസ്റ്റർമാർ, നേതാക്കന്മാർ എന്നിങ്ങനെ കൂട്ടായ്മകളിലും മതസംഘടനകളിലും പ്രതിഷ്ഠിച്ചിട്ടുണ്ട്. അവർ തങ്ങളെത്തന്നെ ഉയർത്തുന്ന തലത്തിൽ പ്രതിഷ്ഠിച്ചാൽ തിരുവെഴുത്തിന്റെ പശ്ചാത്തലത്തിൽ പരിഗണിക്കണം. ആളുകൾ ഭയത്തോടെ നില്ക്കുവാനും ആർപ്പുവിളിക്കുവേണ്ടി ആത്മീയ നിർവ്യാജത്വം പ്രകടിപ്പിക്കുന്ന ദൈവത്തിന്റെ ദാസന്മാരും ദാസിമാരും ഒരു കൂട്ടമായി വളരുമ്പോൾ അത് വിഗ്രഹാരാധനയിൽ നിന്ന് ഒട്ടും കുറഞ്ഞതല്ല. മനുഷ്യരല്ല ക്രിസ്തുവാണ് നമ്മുടെ സ്തുതിക്കു യോഗ്യൻ. പൗലോസും ബർന്നബാസും അത്ഭുതങ്ങൾ പ്രവർത്തിച്ചതു കണ്ടിട്ട് ഇവർ ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു എന്നു പറഞ്ഞു. (അപ്പൊ. പ്രവർ. 14:12-16). ആ വിശ്വസ്ത ദൈവപുരുഷന്മാർ ജനത്തിന്റെ സ്തുതിയും പുകഴ്ചയും നിരസിച്ച് “ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യർ അത്രേ” എന്ന് പറഞ്ഞു. വെളിപ്പാടുകാരനായ

യോഹന്നാൻ, നമസ്ക്കരിക്കുവാൻ ദൂതന്റെ കാല്ക്കൽ കുമ്പിട്ടപ്പോൾ ദൂതൻ അവനോട് "അരുത് ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും സഹഭൃത്യനത്രേ ദൈവത്തെ നമസ്ക്കരിക്ക" എന്നു പറഞ്ഞു. (വെളിപ്പാട് 19:10) ശുശ്രൂഷകന്മാർ തങ്ങളെത്തന്നെ ഉയർത്തി സ്തുതിയും ആരാധനയും സ്വീകരിച്ച് വിഗ്രഹാരാധികൾ ആകുന്നതുപോലെതന്നെ ആത്മീയ നേതൃത്വത്തെ ആരാധിച്ചാൽ അതു വിഗ്രഹാരാധനയാണ്.

## സ്വയ ആരാധന

ഏതു തരത്തിലുള്ള സ്വയപ്രശംസയും വിഗ്രഹാരാധനയായി മാറാം. ഈ തലമുറയിലെ ഏറ്റവും വലിയ വിഗ്രഹാരാധനയിൽ ഒന്നാണ് സ്വയാരാധന. ഇത് ആത്മീകമോ, ലൗകികമോ ആയ കാര്യങ്ങളിൽ ആകാം. യോഹന്നാൻ 7:16–18ൽ യേശു പറയുന്നു. "സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു. മതസംഘടനകളിൽ അനേകം ശുശ്രൂഷകന്മാർ അവരെക്കുറിച്ചും അവരുടെ വഴികളെക്കുറിച്ചും ഉയർത്തി പറയാറുണ്ട്. എന്നാൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നത് "ഞങ്ങളെത്തന്നേയല്ല ക്രിസ്തുയേശുവിനെ കർത്താവെന്നും ഞങ്ങളെയോ ക്രിസ്തു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രശംസിക്കുന്നത് (2 കൊരിന്ത്യ. 4:5) നാം ജീവിക്കുന്നത്, ആളുകൾ സ്വന്ത അഭിപ്രായത്തിലും സ്വന്തവഴികളിലും ജീവിക്കുന്ന ഒരു കാലഘട്ടത്തിലാണ്. അവർ സ്വസ്നേഹികളും സ്വാർത്ഥന്മാരും സ്വയാശ്രയക്കാരുമാണ്. അത് ആരാധനയ്ക്കായി ഒരു പ്രതിമയെ വണങ്ങുന്നതുപോലെ തന്നെയുള്ള വിഗ്രഹാരാധനയാണ്. ഫിലിപ്പിയർ 3:19 പറയുന്നതുപോലെ "അവരുടെ അവസാനം നാശം, അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു". ദൈവീക വിശുദ്ധിയുടെ കാര്യങ്ങൾ ജനങ്ങൾ നിരാകരിക്കുകയും സ്വയം സംതൃപ്തിക്കും സന്തോഷത്തിനുംവേണ്ടി ഏല്പിക്കുകയും ചെയ്യുന്നു. അവർ വയറിനുവേണ്ടിയും ജഡയിഷ്ട പ്രകാരവും ജീവിക്കുന്നു. അവർ "നമ്മുടെ കർത്താവായ യേശുവിനെയല്ല സ്വന്ത വയറിനായി ജീവിക്കുന്നു" (റോമർ 16:18). ഇതു അമിത ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ച് മാത്രമല്ല, ജനങ്ങളെ നിയന്ത്രിക്കുന്ന ജഡീകമായ എല്ലാ കാര്യങ്ങളെയും കുറിക്കുന്നു.



**"ഏതു തരത്തിലുള്ള സ്വയപ്രശംസയും വിഗ്രഹാരാധനയായി മാറാം. ഈ തലമുറയിലെ ഏറ്റവും വലിയ വിഗ്രഹാരാധനയിൽ ഒന്നാണ് സ്വയാരാധന".**

## ഈ ലോകത്തിലെ ദൈവങ്ങൾ

നമ്മുടെ സ്നേഹത്തിന് ദൈവം യോഗ്യനാണ്. എന്നാൽ അനേകർക്കും തങ്ങളുടെ സ്നേഹം ഈ ലോകത്തിലുള്ളതിന് നല്കുന്നു. "ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കരുത് (1 യോഹന്നാൻ 2:15). ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം കേന്ദ്രീകരിക്കുന്നതു ആധുനിക ലോകത്തിലെ വിഗ്രഹങ്ങളിലേക്കാണ്. ജനങ്ങളുടെ ആഗ്രഹവും ആരാധനയും എന്തിനായിട്ടാണ്? അവരുടെ സമയവും, പണവും, ഊർജ്ജവും എന്നിവയെ നിയന്ത്രിക്കുന്നത് എന്താണ്? ആവശ്യസമയങ്ങളിൽ ജനങ്ങൾ എന്തിനെയാണ് ആശ്രയിക്കുകയും വിലമതിക്കുകയും ചെയ്യുന്നത്? ജഡത്തിന്റെ സുഖം, ദേശീയത, കളി, ഫാഷൻ, വിനോദം എന്നിവ ഈ മാനദണ്ഡത്തിന് അനുയോജ്യമാണോ? നിയമാനുസൃതമായ കാര്യങ്ങൾ വിഗ്രഹങ്ങളായി മാറാം. ആധുനിക വിഗ്രഹങ്ങളുടെ ബലിപീഠങ്ങളിൽ പലരും അവരുടെ യാഗം അർപ്പിക്കുന്നു.

## വിഗ്രഹാരാധനയിൽ നിന്നും അധാർമ്മികതയിലേക്ക്

റോമർ 1: 23–27 ൽ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷികൾ, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമാക്കി മാറ്റിയതുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. വാക്യം 26ൽ പറയുന്നത് സൃഷ്ടാവിനെക്കാൾ സൃഷ്ടിയെ സേവിക്കുകയും ആരാധിക്കുകയും ചെയ്തു എന്നാണ്. ഇതു പല രൂപത്തിൽ സംഭവിക്കുന്നു. തിരുവചനം ഇതിനെ ബന്ധിപ്പിച്ചിരിക്കുന്നത് മനുഷ്യന്റെ കാമത്തിനും, സ്വവർഗ്ഗനുരാഗത്തിനും ബാധികമായാണ്. സമൂഹത്തിൽ വ്യാപകമായി പലരും ഇത് ന്യായീകരിക്കുകയും നിസ്സാരമായി കാണുന്നു എങ്കിലും ഇതു വലിയ പാപവും വിഗ്രഹാരാധനയുമാണ്.

## വസ്തുക്കളെ ആരാധിക്കുക

കൊലൊ 3:5ൽ പഠിപ്പിക്കുന്നത് അത്യാഗ്രഹം വിഗ്രഹാരാധനയാണ് എന്നാണ്. ഭൗതിക വസ്തുക്കൾ, സമ്പത്ത്, പ്രതാപം, അധികാരം, അംഗീകാരം എന്നിവയോടുള്ള സ്നേഹം വിഗ്രഹാരാധനയാണ്, കാര ണം അതു ദൈവത്തെ ആരാധിക്കുന്നതിനും, സേവിക്കുന്നതിനുമുള്ള പ്രാഥമിക ഉദ്ദേശത്തെയും ലക്ഷ്യത്തെയും ദുർബലപ്പെടുത്തുന്നു. 'അത്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാണ്" (1 തിമൊ 6:10). ദൈവത്തെക്കാൾ അധികമായി ലോകത്തിലുള്ള കാര്യങ്ങളെ പിന്തുടരുകയും സേവിക്കുകയും ചെയ്യുവാൻ തുടങ്ങിയതോടെ പലരും വിശ്വാസത്തിൽ നിന്നും തെറ്റിപ്പോയി. നിങ്ങളുടെ പണത്തെയും സമയത്തെയും ഊർജ്ജത്തെ യും നിയന്ത്രിക്കുന്നത് എന്താണ്? നിങ്ങൾ ദൈവത്തിനും അവിടുത്തെ പ്രവർത്തിക്കും നിങ്ങളുടെ മറ്റ് കാര്യങ്ങളെക്കാൾ പ്രാധ്യാനം നല്കുന്നുവോ? വിശുദ്ധന്മാരോടൊപ്പം വിശ്വസ്തതയോടെ ആരാധനയിൽ സംബന്ധിക്കുവാൻ നിങ്ങൾ സമയം മാറ്റിവയ്ക്കാറുണ്ടോ? അതോ നിങ്ങളുടെ സ്വന്തം കാര്യങ്ങൾ ക്കായി സമയം ചെലവിടുകയാണോ? നമ്മുടെ ജീവിതത്തിലെ തീരുമാനങ്ങളും തെരഞ്ഞെടുപ്പുകളും നമ്മുടെ ഹൃദയങ്ങൾ വെളിപ്പെടുത്തുന്നു. നിങ്ങൾ എവിടെ താമസിക്കണം, ആരെ വിവാഹം കഴിക്കണം, എന്തു ചെയ്യണം, എവിടെ പോകണം എന്നൊക്കെ ആരാണ് തീരുമാനിക്കുന്നത്? നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്ഥാനം ഒരു വിഗ്രഹം ഏറ്റെടുക്കുവാൻ സാദ്ധ്യതയുണ്ടോ?

## കാരണങ്ങളെ ഉയർത്തൽ

പൗലൊസ്, തിമൊഥെയൊസിന് മുന്നറിയിപ്പു നല്കിയത് "പടചേർത്തവനെ പ്രസാധിപ്പിക്കേണ്ടതിന് യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു" (2 തിമൊ 2:34) എന്നാണ്. നമ്മുടെ ജീവിതത്തിൽ നിയമാനുസൃതമായ ആശങ്കകളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായുണ്ട്. പക്ഷേ അവയിൽ ഒന്നും നാം കുടുങ്ങിപ്പോകരുത്. രാഷ്ട്രീയവും, ധാർമ്മികവും, വംശീയവും, സാമൂഹികവുമായ കാര്യങ്ങൾ ഒരാളെ വേഗത്തിൽ ആക ർഷിക്കുകയും അതു അയാളെ നിയന്ത്രിക്കുകയും അങ്ങനെ ഒരു വിഗ്രഹാരാധനയായി മാറുകയും ചെയ്യുന്നു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവപൈതലെ നല്ലത് എന്ന് തോന്നാവുന്ന ഒന്നി ലും കുടുങ്ങി പോകാതിരിക്കുവാൻ ശ്രദ്ധിക്കുക. ദൈവത്തെക്കാളും അവന്റെ സ്നേഹം, ദയ, ദീർഘക്ഷമ എന്നിവയെക്കാളും കൂടുതൽ വേഗത്തിൽ കാരണങ്ങളെ ഉയർത്തൽ പ്രാധാന്യമുള്ളവയാകും!

## ദൈവത്തെ മാത്രം ആരാധിക്കുക

ഇന്നത്തെ വിഗ്രഹങ്ങൾ സ്വർണ്ണവും വെള്ളിയും കൊണ്ടു നിർമ്മിച്ച ഭൗതിക വിഗ്രഹങ്ങളെക്കാൾ വഞ്ചനാപരവും മാരകവുമാണ്. ഒരു ദൈവമേയുള്ളു. അവിടുത്തോടുള്ള നമ്മുടെ സ്നേഹവും, സേവനവും അനന്യമായിരിക്കണം. നമുക്ക് നമ്മെത്തന്നെ ശോധനചെയ്ത് പൊളിച്ചു മാറ്റേണ്ട ഏതെങ്കിലും വിഗ്രഹങ്ങൾ ഉണ്ടോ? എന്ന് നോക്കാം. നിങ്ങളെത്തന്നെ ശുദ്ധമാക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്യുക, കാരണം വിഗ്രഹാരാധകർ ദൈവരാജ്യം അവകാശമാക്കുകയില്ല (ഗലാത്യർ 5:19–21). ■

# ചിഹ്നങ്ങൾ, രൂപങ്ങൾ, ദേവന്മാരും ആചാരങ്ങളും

## വിഗ്രഹാരാധനയിൽ അധിഷ്ഠിതം



**ഏലസ്സ്:** വ്യക്തികളെ സംരക്ഷിക്കുവാനോ, സുഖപ്പെടുത്തുവാനോ ഉദ്ദേശിച്ചുകൊണ്ടുള്ള മതപരമോ, മാന്ത്രികമോ ആയ ശക്തിയുള്ളതായി കരുതപ്പെടുന്ന ഒരു വസ്തു (ഉദാഹരണം കുരിശ്, യിൻ- യാങ് (ചൈനീസ് തത്വചിന്തയിലെ പരസ്പരവും വിപരീതവും എന്നാൽ പരസ്പരം ബന്ധിതവുമായ രണ്ട് ശക്തികളെ സൂചിപ്പിക്കുന്നു.) മുയലിന്റെ കാൽ, മന്ത്രത്തകിട്, സ്ഫടികം)



**കന്യകാമറിയം:** മൂന്നാം നൂറ്റാണ്ടിൽ കത്തോലിക്കക്കാർ പ്രാർത്ഥിക്കുവാൻ തുടങ്ങിയ യേശുവിന്റെ അമ്മയായ മറിയം.



**ശ്രീബുദ്ധൻ:** ദക്ഷിണേന്ത്യയിൽ നിന്ന് അഞ്ചാംനൂറ്റാണ്ടിൽ ഉണർവ്വും ജ്ഞാനവും പ്രാപിച്ചു എങ്കിലും ദൈവീകമായി കണക്കാക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രതിമയെ വണങ്ങി ബഹുമാനിച്ച് ആത്മീകമായ പോസിറ്റീവ് ഊർജ്ജം പ്രാപിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.



**ഗണപതി:** ഹൈന്ദവ വേദങ്ങളിൽ ഏറ്റവും പ്രശസ്തവും ആരാധിക്കപ്പെടുന്നതുമായ ഒന്ന്. വിജയത്തിന്റെ അധിപനും തടസ്സങ്ങൾ നീക്കുന്നവനും എന്ന് കരുതുന്നു.



**നവയുഗം:** എല്ലാം ഒന്നാണ്. പ്രകൃതിയിലും തന്നിൽതന്നെയും ഐക്യം തേടുന്ന വിശ്വാസങ്ങളുടെ വൈവിധ്യമാർന്ന ആത്മീയകൂട്ടം. ദൈവം എല്ലാറ്റിലും ഉണ്ട്, മനുഷ്യൻ ദൈവമാണ്, മനസ്സാണ് യാഥാർത്ഥ്യം സൃഷ്ടിക്കുന്നത്. അനവധി നിഗൂഢ ആചാരങ്ങൾ ഉണ്ട്.



**പൂർവ്വികരെ ആരാധിക്കുക.**
ചില സംസ്ക്കാരങ്ങളിൽ പൂർവ്വികരെ ആത്മരൂപികളായി ബഹുമാനിക്കുകയും അവർക്കു മുന്നറിയിപ്പും സംരക്ഷണവും സ്വാധീനവും നല്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ചിലപ്പോൾ അവരോട് പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി ഭക്ഷണം മാറ്റിവയ്ക്കുകയും ചെയ്യുന്നു.



**മന്ത്രവാദം:** ആളുകളെയോ സംഭവങ്ങളെയോ നിയന്ത്രിക്കുവാൻ അമാനുഷിക ശക്തിയുടെയോ മാന്ത്രിക വിദ്യയുടെയോ ഉപയോഗം.



**ജ്യോതിഷം:** ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും നിരീക്ഷണത്തിലൂടെ സംഭവങ്ങൾ പ്രവചിക്കുകുന്ന ഭാവിജാതക ശാസ്ത്രം.

---

# അവധികൾ

ചില ദേശീയ അവധി ദിവസങ്ങൾ ആസ്വദിക്കുവാൻ ആത്മീകമായി ന്യായമാണെങ്കിലും ദൈവപൈതൽ അത് എല്ലായ്പ്പോഴും ലോകത്തിന്റെ രീതിയിൽ ആചരിക്കേണ്ടതില്ല. നിങ്ങൾ എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ നാമമഹത്വത്തിനായി ചെയ്യുക"
(1 കൊരിന്ത്യർ 10:31)



**ഈസ്റ്റർ** : (പുനരുത്ഥാന ഞായറാഴ്ചയായി തെറ്റിദ്ധരിക്കരുത്) വസന്തത്തിന്റെയും ഫലഭൂയിഷ്ഠതയുടെയും ദേവതയുടെ ദിനമായി ആഘോഷിച്ചിരുന്ന ഒരു ജാതീയ അവധി ദിവസമായിരുന്നു ഇത്. പുരാതനെ ഈജിപ്തിൽ "ഈസ്റ്റർ മുയൽ" ഫലഭൂയിഷ്ഠതയുടെ പ്രതീകമായിരുന്നു. മുട്ടകൾ അവന്ധ്യതയുടെയും ജീവന്റെയും പ്രതീകമായിരുന്നു. മുട്ടകൾക്കു നിറം നല്കുന്നത് ഈ ജാതീയ പാരമ്പര്യത്തിൽ നിന്നുള്ളതാണ്.



**പരേതാത്മാക്കളുടെ ദിനം** : യഥാർത്ഥത്തിൽ സാംഹെയൻ (ശൈത്യത്തിന്റെ ആരംഭം) ആഘോഷിക്കുവാൻ വേണ്ടിയുള്ള ഒരു ജാതി അവധിദിനം ആയിരുന്നു. സെൽറ്റിക് (Celtic ഒരു പുരാതനജനതയും സംസ്ക്കാരവും) ശൈത്യകാലത്തിന്റെ ആരംഭത്തിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഇടയിലുള്ള അതിർത്തി നേരിയതായി മാറിയപ്പോൾ മരിച്ചവരെ ബഹുമാനിക്കുന്നതിനുള്ള സെൽറ്റിക് ആചാരം. ദുഷ്ടാത്മക്കളെ അകറ്റാൻ കൊത്തിയെടുത്ത മത്തങ്ങ/മധുര മുള്ളങ്കികൾ ഉപയോഗിച്ചിരുന്നു. എട്ടാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഈ സെൽറ്റിക് ഉത്സവത്തിനും സകല വിശുദ്ധന്മാരുടെയും ദിനം ആഘോഷിക്കുവാൻ തുടങ്ങി.



**ക്രിസ്തുമസ്:** യഥാർത്ഥത്തിൽ ശൈത്യകാല അവസാനവും സൂര്യദേവന്റെ പുനർജന്മവും ആഘോഷിക്കുന്ന ഒരു ജാതീയ അവധിയാണ്. റോമൻ കത്തോലിക്കാസഭ ഈ അവധിദിനം സ്വീകരിച്ച് അതിനെ ക്രിസ്തീയവല്ക്കരിച്ചു. അങ്ങനെ മതപരിവർത്തനം ചെയ്തുവന്ന വിജാതീയർക്ക് ജാതികൾക്കു സമമായ ഒരു ആഘോഷം തുടരുവാൻ വഴിയൊരുക്കി. റീത്തുകളുടെയും നിത്യഹരിതമരങ്ങളുടെയും ഉപയോഗം വിജാതിയ ആചാരങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണ്.

Printed matter only
**MALAYALAM EDITION**



നിങ്ങൾക്ക് അറിയാമോ?


**സ്മാരകസ്തംഭങ്ങളുടെ ഉത്ഭവം:** സ്മാരകസ്തൂപത്തിന്റെ ചിത്രം ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള ഈജിപ്ത്യൻ വിജാതിയ ആരാധനയുടെ കാലഘട്ടത്തിലേക്ക് പോകുന്നു. സൂര്യദേവനെയും അവന്ധ്യതയുടെ ദേവനെയും ബഹുമാനിക്കുന്ന ഉല്പാദ നേന്ദ്രിയപരമായ ഒരു ചിഹ്നം ആയിരുന്നു. നാലാം നൂറ്റാണ്ടിൽ പല വിജാതീയ ചിഹ്ന ങ്ങളും റോമൻ കത്തോലിക്കാസഭയിൽ ലയിച്ചു. മണികൾ കേൾക്കുന്നതിനും, ദുഷ്ടാത്മാ ക്കളെ അകറ്റുന്നതിനും സ്വർഗ്ഗത്തിൽ എത്തുന്നതിന്റെ പ്രതീകമായും വീക്ഷാഗോപുര ങ്ങൾ ഉപയോഗിച്ചിരുന്നു. ഇത് പള്ളിവാസ്തുവിദ്യയുടെ ഭാഗമായി വരുകയും ഒരു കെട്ടി ടത്തെ ആരാധനാലയമായി തിരിച്ചറിയുവാനുള്ള അടയാളമായി മാറി.

തക്കസമയത്ത് പറഞ്ഞ വാക്ക്

# അവിടുത്തേക്ക് മഹത്വം ഉണ്ടാകട്ടെ.

*കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന്നു എപ്പോഴും എന്നേയ്ക്കും മഹത്വം ആമേൻ – 2 പത്രോസ് 3:18*

മരിച്ചവരെ അനുസ്മരിക്കുന്നതിനും ജീവിച്ചിരിക്കുന്നവരെ പ്രചോദിപ്പിക്കുന്നതിനുമായി പ്രതിമകളും സ്മാരകസ്തംഭങ്ങളും സ്ഥാപിക്കപ്പെടുന്നു. മനുഷ്യന്റെ അറിവ് ശാശ്വതമാക്കുന്നതിനും ബുദ്ധിശക്തിയെ ബഹുമാനിക്കുന്നതിനുമായി വലിയ സർവ്വകലാശാലകൾ സ്ഥാപിക്കപ്പെടുന്നു. അംബരചുംബികളായ കെട്ടിടങ്ങൾ സമഗ്രതയ്ക്കും കഴിവിനും സാക്ഷ്യം വഹിച്ചേക്കാം. ഭൗതിക ഡിജിറ്റൽ ലൈബ്രറികൾ മനുഷ്യരാശിയുടെ തത്വചിന്തകളാൽ നിറഞ്ഞിരിക്കുന്നു. ദൈവപൈതലേ ഈ ലോകത്തിലെ ഏത് തത്വം അനുസരിച്ചാണ് നാം ജീവിക്കുവാൻ ശ്രമിക്കേണ്ടത്? നമ്മുടെ ജീവിതംകൊണ്ട് നാം ആരെയാണ് ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടത്?



ദൈവമക്കളുടെ ലക്ഷ്യവും ഉദ്ദേശവും അനുദിനം ലോകത്തിന്റെ പരമാധികാരിയായ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതായിരിക്കണം. ലോകത്തിലെ ആളുകൾ തങ്ങൾ ചെയ്തതിലും ചെയ്യുവാൻ പദ്ധതിയിടുന്ന കാര്യങ്ങളിലും സ്വയം ഉയർത്തുമ്പോൾ നാം ഉയർത്തേണ്ടതു ക്രിസ്തുവിനെ മാത്രം ആയിരിക്കണം.

ദൈവാത്മാവിന്റെ സ്വാധീനത്താലും ശക്തിയാലും അവിടുത്തെ നിത്യകൃപയാൽ നമുക്ക് വളരുവാനും ക്രിസ്തുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനും നമുക്ക് ശ്രമിക്കാം. നാം ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ താഴ്മയും സമർപ്പണവും ആഴമേറിയതായിത്തീരും. ക്രിസ്തുവിന്റെ ഭാവം നമ്മിൽ കൂടുതൽ കൂടുതൽ വെളിപ്പെടും. അങ്ങനെ ചെയ്യുമ്പോൾ ക്രിസ്തുമാത്രമാണ് ഉയർത്തപ്പെടുന്നത്. എല്ലാ ലക്ഷ്യവും ഉദ്ദേശവും പരിശ്രമവും സ്വപ്നവും അഭിലാഷവും ക്രിസ്തുവിന്റെ അടിസ്ഥാനലക്ഷ്യത്തിൽ ആഴ്ന്നിറങ്ങുന്നതായിരിക്കട്ടെ. ലോകത്തിന്റെ ഏകരക്ഷകന്റെ മഹത്വം എപ്പോഴും അന്വേഷിക്കട്ടെ.

എല്ലാ ബഹുമാനവും മഹത്വവും സ്തുതിയും യേശുക്രിസ്തിനത്രേ. കാരണം അവൻ രാജാധിരാജാവും കർത്താധികർത്താവും ആൽഫയും ഒമേഗയും, നമ്മുടെ വിശ്വാസത്തിന്റെ ആരംഭവും അവസാനവും ആകുന്നു. എല്ലാ ശക്തിയും ആധിപത്യവും അവിടുത്തേക്കുള്ളതാകുന്നു. ഈ ലോകത്തിലെ എല്ലാ ദേവന്മാരും ആത്മാക്കളും അവിടുത്തേക്ക് കീഴ്പ്പെട്ടതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുതകരമായ സാന്നിദ്ധ്യത്തിൽ നാം എന്നേക്കും നിത്യതയിൽ ആയിരിക്കേണ്ടതിന് എല്ലാ നിമിഷവും യേശുക്രിസ്തുവിനെ മഹത്വപ്പെടുത്താം. സ്നേഹിക്കാം ജീവിക്കാം. അതിൽ ലജ്ജയോ കുറ്റബോധമോ ഉണ്ടാകാതെ ചെയ്യുവാൻ നമുക്ക് കഴിയും. കഴിയണം. നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അവിടുന്ന് സ്തുതിയും മഹത്വവും സ്വീകരിപ്പാൻ യോഗ്യനാണ്. നമ്മുടെ പരിശോധനകളിലും, അഗ്നിശോധനകളിലും, അന്ധകാരത്തിലും കണ്ണുനീരിലും മരണത്തിൽ കൂടെയും ദൈവത്തിന് മഹത്വം അർപ്പിക്കാം. നമ്മുടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതു ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. പിന്നെയോ അത് ഒരു ബഹുമതിയാണ്. ■


if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Baby Mathew** | Asst. Editor **N.V Shaji** | Publisher: **Biju J. Varghese**